മിസ്റ്റർ എം. കെ. രാമൻ: പിക്കറിംഗിന്റെ കാരണമെന്താണെന്ന് അന്വേഷണം റിപ്പോർട്ടുകൊണ്ട് കാണുന്നില്ല. വില കൂട്ടിവിറ്റതുകൊണ്ടോ മറ്റോ ആയിരിക്കാം.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: അന്നത്തെ പിക്കറിംഗ് കാരണക്കാർ ആരൊക്കെയായിരുന്നു?

മിസ്റ്റർ എം. കെ. രാമൻ: കാരണക്കാർ ഇന്നയിന്ന ആളുകളാണെന്ന കാണുവാനില്ല.

ARAYAS IN POLICE FORCE.

208. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെന്റ് ദയവായി ഉത്തരം പറയുമോ: --

(എ) പൊല്ലീസ്സ് സൈന്യത്തിൽ ആകെ എത്ര കാൺസ്റ്റബിൾമാരുണ്ട്;

(ബി) അതിൽ എത്ര അരയന്മാരുണ്ട്;

(സി) അരയന്മാരിൽനിന്നും കാൺസ്റ്റബിൾമാരിലും ഉയർന്ന ഉദ്യോഗത്തിൽ ആരെങ്കിലുമുണ്ടോ?

റാവു ബഹദൂർ എം. നാരായണമേനോൻ:

(എ) 1 പേർ.

(ബി) ആരുമില്ല.

(സി) ഇല്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഈ ഉത്തരം അരയന്മാരെ മാത്രം ഉദ്ദേശിച്ചാണ് പറഞ്ഞുകാണുന്നത്. ഞാൻ അയച്ച ചോദ്യത്തിൽ അരയ എന്നതിനുശേഷം ബ്രാക്കറ്റിനുള്ളിൽ വാല എന്നുകൂടി കാണിച്ചിട്ടുണ്ട്. അതുകൊണ്ട് അരയന്മാരിൽ നിന്നും വാലന്മാരിൽ നിന്നും എത്ര പേർ വീതം ഉണ്ടെന്നു പറഞ്ഞാൽ കൊള്ളാം.

റാവു ബഹദൂർ എം. നാരായണമേനോൻ: എനിക്ക് ഗവൺമെന്റിൽ നിന്നും അയച്ചുതന്ന ചോദ്യത്തിൽ ആ ബ്രാക്കറ്റ് ഇല്ല. വാലന്മാരിൽനിന്നു ഒരു ഹെഡ് കാൺസ്റ്റബിളുണ്ട്.

മിസ്റ്റർ സി. കെ. എസ്സ്. മണി: ആ ഹെഡ് കാൺസ്റ്റബിൾ ടെയിനിംഗ് കഴിച്ചിട്ടുള്ള ആളാണോ?

റാവുബഹദൂർ എം. നാരായണമേനോൻ: ടെയിനിംഗ് കഴിച്ചിട്ടുണ്ട്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: പോലീസ്സിലേക്ക് ആളുകളെ എടുക്കുന്ന കാലത്ത് അരയന്മാരിൽ നിന്നും അപേക്ഷകന്മാരുണ്ടായിരുന്നുവോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഉണ്ടായിരുന്നില്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: വാലന്മാരിൽനിന്നുണ്ടായിരുന്നുവോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly